6136837/2025
22/10/2025

# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഞീഴൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**



# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം


**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ ടി എം പി8
1526/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 11/11/2025
ഇ-മെയിൽ:
doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഞീഴൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ ടി എം പി8 1526/2025 തീയ്യതി: 11/11/2025

## കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ് എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 21-08-2025 | 30-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-08-2025 | 30-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സ്മിത ജി.നായർ, ഓഡിറ്റ് ഓഫീസർ
കുമാരി സജിമോൾ വി.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ഉണ്ണികൃഷ്ണൻ. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ബീനാകുമാരി റ്റി.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുഷമ പി.ആർ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.ബിജു.എം.മാത്യൂസ് | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സത്മ എം.ജെ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.രാജി ജെയിംസ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ.സൌമ്യ വി.ജോയ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2024 | 31-03-2025 |
| ഡോ.തുഷാര മാത്തുക്കുട്ടി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 28-01-2025 |
| ഡോ.സരിത റ്റി.കെ. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 29-01-2025 | 31-03-2025 |
| ശ്രീ.അരുൺ എൻ.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കാട്ടാമ്പാക്ക് | 01-04-2024 | 11-09-2024 |
| ശ്രീമതി ചാന്ദിനി പി.എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കാട്ടാമ്പാക്ക് | 12-09-2024 | 31-03-2025 |
| ശ്രീമതി വീണ റ്റി.വി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 05-08-2024 |

| | | | |
|---|---|---|---|
| ശ്രീമതി ബിന്ദു ജി.നായർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-08-2024 | 31-03-2025 |
| ശ്രീമതി ബിജിമോൾ പി.പി. | അസിസ്റ്റന്റ് എഞ്ചിനിയർ ഇൻ ചാർജ്ജ് | 01-04-2024 | 25-09-2024 |
| ശ്രീമതി മീര പി. | അസിസ്റ്റന്റ് എഞ്ചിനിയർ ഇൻ ചാർജ്ജ് | 26-09-2024 | 31-03-2025 |
| ശ്രീമതി ലീന കെ. | ഹെഡ്മിസ്ട്രസ്, ഗവ.യു.പി.സ്കൂൾ, കാട്ടാമ്പാക്ക് | 01-04-2024 | 31-03-2025 |
| ശ്രീമതി ശില്പമോൾ എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ.റ്റി.എച്ച്.നിഷാദ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഞീഴൂർ | 01-04-2024 | 28-02-2025 |
| ശ്രീ.കൃഷ്ണകുമാർ എം.എൻ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി ചാന്ദിനി പി.എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഞീഴൂർ (ഇൻ ചാർജ്ജ്) | 09-03-2025 | 31-03-2025 |

വി.ഇ.ഓ, ഞീഴൂർ, 01.03.2025 മുതൽ 08.03.2025 വരെ ചാർജ്ജ് ആർക്കും നൽകിയിരുന്നില്ല.

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല | 1-1-3 |
| 5 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-4 |
| 6 | അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തുന്നില്ല | 1-1-5 |
| 7 | ബി-5 & ബി-16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ഹെൽത്ത് ഗ്രാന്റ് - ചെലവ് തുക ഉൾപ്പെട്ടില്ല | 1-1-7 |
| 9 | CFC (Tied & Untied) - ബി-4 & ബി-17 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | സഞ്ചിത മൂല്യശോഷണം ആസ്തിയേക്കാൾ അധികരിച്ചു | 1-1-9 |
| 11 | റിഡംപ്ഷൻ തുക ക്രമീകരിച്ചില്ല | 1-1-10 |
| 12 | സ്ഥാപനത്തിന്റേതല്ലാത്ത ബാങ്ക് അക്കൗണ്ടും നീക്കിയിരിപ്പും വാർഷിക ധനകാര്യ പത്രികയിൽ നിലനിർത്തിയിരിക്കുന്നു | 1-1-11 |
| 13 | മുൻകൂർ തുകകൾ ക്രമീകരിച്ചില്ല | 1-1-12 |
| 14 | വാർഷിക ധനകാര്യ പത്രിക - തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |

| | | |
|---|---|---|
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 19 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) | 1-6 |
| 20 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് നഷ്ടപ്പെട്ടു--തുക ഈടാക്കിയത് സംബന്ധിച്ച് വ്യക്തതയില്ല | 1-11 |
| 25 | സെമിനാരികൾ/കോൺവെന്റുകൾ ഗണത്തിൽപ്പെട്ട കെട്ടിടത്തിന് A-1 റസിഡൻഷ്യൽ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച് നൽകി | 1-12 |
| 26 | കോൺക്രീറ്റ് വോൾട്ട് സെമിത്തേരി നിർമ്മാണം ബിൽഡിംഗ് പെർമിറ്റിന്റെ പരിധിയിൽ കൊണ്ടുവന്നില്ല | 1-13 |
| 27 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വ്യത്യസ്ത നമ്പറുകൾ നൽകി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു | 1-14 |
| 28 | അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലുള്ള ഇ-ടെൻഡർ തുക തനത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-15 |
| 29 | പാലുൽപാദനത്തിന് ഇൻസെന്റീവ്- അധിക തുക നൽകി | 1-16 |
| 30 | മെൻസ്ട്രുവൽ കപ്പ് & ലാപ്ടോപ് പർച്ചേസ് - പൊതുമേഖല സ്ഥാപനങ്ങളെ ഒഴിവാക്കി - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല | 1-17 |
| 31 | ഗവൺമെന്റ് സ്കൂളിലേക്ക് മൈക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- അപാകതകൾ | 1-18 |
| 32 | കാലി ബാരലിന്റെ വില നിശ്ചിത ശീർഷകത്തിൽ അടവാക്കിയില്ല. | 1-19 |

| | | |
|---|---|---|
| 33 | പന്ത്രണ്ടാം വാർഡിലെ കുടുംബക്ഷേമ കേന്ദ്രം -നിർമ്മാണം പൂർത്തീകരിച്ചില്ല | 1-20 |
| 34 | കുടിവെള്ള പദ്ധതികൾ- ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറുന്നില്ല. | 1-21 |
| 35 | തെരുവുവിളക്കുകൾ വാങ്ങൽ- അപാകതകൾ | 1-22 |
| 36 | വനിതാഫിറ്റ്നസ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ- നടപടിക്രമങ്ങൾ പാലിച്ചില്ല | 1-23 |
| 37 | എം. സി. എഫ് -ലേയ്ക്കുള്ള മാലിന്യ നീക്കത്തിന് വാഹന വാടക - തനത് ഫണ്ടിൽ അധിക ചെലവ് | 1-24 |
| 38 | ഗ്രാമവണ്ടി-ബ്ലോക്ക് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-25 |
| 39 | എയ്റോബിക് കമ്പോസ്റ്റ് തുടർ പരിപാലനം--പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചില്ല | 1-26 |
| 40 | എംസിഎഫ്--പ്ലാസ്റ്റിക്ക് ട്രാൻസ്പോർട്ടേഷന് വേണ്ടി വാങ്ങിയ പിക് അപ്പ് വാൻ ഉപയോഗിക്കുന്നില്ല | 1-27 |
| 41 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-28 |
| 42 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-29 |
| 43 | ജലജീവൻമിഷൻ പദ്ധതി പ്രവർത്തനങ്ങൾ | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പാലുൽപാദനത്തിന് ഇൻസെന്റീവ്- അധിക തുക നൽകി | 3-1 |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-2 |

| | | |
|---|---|---|
| 3 | സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകകളുടെ വിവരം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം. | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1-1 പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിന്റെ 31.03.2025 തീയതിയിലെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31-03-2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 23.05.2025 തീയതിയിലെ നം. 1(1) തീരുമാനം പ്രകാരം അംഗീകരിച്ച്, 21.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ

അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ**

സാമ്പത്തിക ഇടപാടുകളുടെയും, 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| തീയതി:11-11-2025 | ഡെപ്യൂട്ടി ഡയറക്ടർ |

## 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

26.07.2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-1-3 മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും, തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്യതിനാൽ ധനകാര്യ പത്രികയിൽ നൽകിയിട്ടുള്ള മൂലധന ആസ്തികളുടെയും അവയുടെ മൂല്യശോഷണത്തിന്റെയും കണക്കുകൾ കൃത്യമല്ല.

## 1-1-4 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തേണ്ടതാണ്. എന്നാൽ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം, പഞ്ചായത്തിന്റെ സ്റ്റോക്ക് മൂല്യം NIL ആണ്.

**1-1-5 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തുന്നില്ല**

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട ഓരോ വരുമാന ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ രണ്ട് തവണ മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്.

**1-1-6 ബി-5 & ബി-16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല**

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ബി 5 – Secured Loans, ബി 16 – Prepaid Expenses എന്നീ ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല. 31,20,000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ചെലവഴിക്കാതെ നിലനിർത്തിയിട്ടുള്ള തുക, യഥാവിധി ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**1-1-7 ഹെൽത്ത് ഗ്രാന്റ് - ചെലവ് തുക ഉൾപ്പെട്ടില്ല**

RP-30 & B-4/ 320100202 : ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള 02/04/2024-ലെ 4,312/- രൂപയുടെ ചെലവ് ബന്ധപ്പെട്ട ശീർഷകത്തിൽ പ്രതിഫലിച്ചിട്ടില്ല. ആയതിനാൽ, ബന്ധപ്പെട്ട റസീപ്റ്റ് & ബാലൻസ് ശീർഷകങ്ങളിൽ വ്യത്യാസം നിലനിൽക്കുന്നു. ടി ഗ്രാന്റ് ചെലവ് തുടർ വർഷം Prior Period റവന്യൂ കോൺട്രിബ്യൂഷനായി ക്രമീകരിച്ച് അപാകത പരിഹരിക്കേണ്ടതാണ്.

**1-1-8 CFC (Tied & Untied) - ബി-4 & ബി-17 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല**

B-4 ഷെഡ്യൂളിലെ 320200104 & 320200113 എന്നീ ശീർഷകങ്ങളിലെ തുകകളും, B-17 ഷെഡ്യൂളിലെ ബന്ധപ്പെട്ട ബാങ്ക് ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല. തുക

ക്രമീകരിക്കാത്തതിനാൽ, 48,478/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

**1-1-9 സഞ്ചിത മൂല്യശോഷണം ആസ്തിയേക്കാൾ അധികരിച്ചു**

വാർഷിക കണക്കുകളിൽ 3,43,801/- രൂപ മൂല്യമുള്ള വാഹന വിഭാഗം ആസ്തികളുടെ സഞ്ചിത മൂല്യശോഷണം, 31/03/2025 -ൽ ആസ്തിയിൽ അധികരിച്ചതായും 3,74,350/- രൂപ മൂല്യം എത്തിയതായും കാണുന്നു.

**1-1-10 റിഡംപ്ഷൻ തുക ക്രമീകരിച്ചില്ല**

B-15 431500199 : വാർഷിക ധനകാര്യ പത്രിക പ്രകാരം, സ്ഥാപനത്തിന് ലഭ്യമാകേണ്ട റിഡംപ്ഷൻ തുകയായി നിലനിൽക്കുന്ന 52,31,160/- രൂപയിൽ, 8,90,572/- രൂപ മുൻവർഷങ്ങളിൽ TSB - JV അക്കൗണ്ടിൽ നിന്നുമുള്ള റിഡംപ്ഷൻ തുകയാണെന്ന് കാണുന്നു. ആയത് യഥാവിധി ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-1-11 സ്ഥാപനത്തിന്റേതല്ലാത്ത ബാങ്ക് അക്കൗണ്ടും നീക്കിയിരിപ്പും വാർഷിക ധനകാര്യ പത്രികയിൽ നിലനിർത്തിയിരിക്കുന്നു**

Nationalised Bank Account Of Own Revenue Fund എന്ന അക്കൗണ്ടിൽ 633,773/- രൂപ RP 40 (B) പ്രകാരം നീക്കിയിരുപ്പുള്ളതായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ, ഗ്രാമ പഞ്ചായത്തിന്റെ പേരിൽ ഇപ്രകാരമുള്ള ബാങ്ക് അക്കൗണ്ടും നീക്കിയിരിപ്പും ഇല്ലായെന്ന് കാണുന്നു. പ്രസ്തുത വിഷയം, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2023-2024 വാർഷിക ഓഡിറ്റ് റിപ്പോർട്ടിലും മുൻവർഷ റിപ്പോർട്ടുകളിലും പരാമർശിക്കപ്പെട്ടിട്ടുണ്ടെങ്കിലും, അപാകത പരിഹരിച്ചിട്ടില്ല. ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

**1-1-12 മുൻകൂർ തുകകൾ ക്രമീകരിച്ചില്ല**

ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ നിലനിൽക്കുന്ന Loans, Advances And Deposits എന്ന ശീർഷകത്തിലെ വിവിധ തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. ആയത് യഥാവിധി ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-13 വാർഷിക ധനകാര്യ പത്രിക - തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു

ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 23.05.2025 തീയതിയിലെ 1 (1) -ാം നമ്പർ തീരുമാന പ്രകാരം, വാർഷിക ധനകാര്യ പത്രികയ്ക്ക് അംഗീകാരം നൽകി, AIMS വെബ്പോർട്ടൽ മുഖാന്തിരം ഞീഴൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-2025 വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് നടപടികൾക്കായി 21/06/2025 തീയതിയിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ, ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ പ്രിന്റഡ് വാർഷിക ധനകാര്യ പത്രികയുടെ, ട്രയൽ ബാലൻസ് സ്റ്റേറ്റ്മെന്റിൽ വിവിധ കണക്ക് ശീർഷകങ്ങളിലെ മുന്നിരിപ്പ് ഉൾപ്പെടെയുള്ള വിവിധ തുകകൾ, ഓൺലൈനായി സമർപ്പിക്കപ്പെട്ട വാർഷിക ധനകാര്യ പത്രിക തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ പ്രിന്റഡ് വാർഷിക ധനകാര്യ പത്രികയിലെ മുന്നിരിപ്പ് തുകകൾ, സ്ഥാപനത്തിൽ പരിപാലിക്കുന്ന മാനുവൽ എ. സി. ആർ -മായി (B-4 ഷെഡ്യൂൾ തുകകളുടെ) പൊരുത്തപ്പെടുന്നുണ്ടെങ്കിലും, തുകകളിൽ വ്യത്യാസം നിലനിൽക്കുന്നതിന്റെ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/ 29.08.2025), ചുവടെ ചേർക്കുന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2024-25 വർഷത്തെ എ. എഫ്. എസ് സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചാണ് ഐ. എൽ. ജി. എം. എസ് സോഫ്റ്റ് വേർ വഴി ഡൗൺലോഡ് ചെയ്ത്, സൈറ്റിൽ അപ്‌ലോഡ് ചെയ്തിരുന്നത്. സോഫ്റ്റ് വേയർ പ്രശ്നങ്ങൾ മൂലമാണ് ട്രയൽ ബാലൻസ് തുകയിൽ വ്യത്യാസം വരുന്നത്. ഓഡിറ്റ് വേളയിൽ പ്രസ്തുത പ്രശ്നം ചൂണ്ടിക്കാണിച്ചപ്പോൾ, ട്രയൽ ബാലൻസ് ചെക്ക് ചെയ്യുകയും തുക വീണ്ടും വ്യത്യാസം കാണിക്കുകയും ചെയ്തു. തുടർന്ന് മൂന്ന് പ്രാവശ്യം ട്രയൽ ബാലൻസ് ചെയ്തപ്പോഴും, വ്യത്യസ്ത തുകകളാണ് അതിൽ കാണിച്ചിരുന്നത്. അവസാനമാണ് കൃത്യമായ തുക കാണിച്ച് തുക കിട്ടുകയും, പ്രിന്റ് ഔട്ട് എടുത്ത് ഓഡിറ്റിന് ഹാജരാക്കുകയും ചെയ്തത്.

2025 മാർച്ച് മാസം വരെയാണ് ഐ. എൽ. ജി. എം. എസ് സോഫ്റ്റ് വേർ പ്രവർത്തിച്ചിരുന്നതും, തുടർന്ന് കെ- സ്മാർട്ട് സോഫ്റ്റ് വേറിലേക്ക് പഞ്ചായത്തുകൾ മാറുകയും ചെയ്യത്. കൂടാതെ, എ. എഫ്. എസ് AIMS സൈറ്റിലേക്ക് അപ്‌ലോഡ് ചെയ്യപ്പോഴും, തുക പലതും ഇരട്ടിപ്പ് കാണിക്കുന്നതായി കാണിച്ച് റിജക്ക് ചെയ്യുകയും, രണ്ടുപ്രാവശ്യം തിരിച്ച് അയയ്ക്കുകയും ചെയ്യിരുന്നു. മൂന്നാമത്തെ പ്രാവശ്യമാണ് എ. എഫ്. എസ്, സ്വീകരിച്ചത് എന്നും മറുപടിയിൽ പരാമർശിച്ചിരിക്കുന്നു.

തുടർ വർഷങ്ങളിൽ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ്, ഭരണസമിതിയുടെ 09.02.2024 -ലെ (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ്, ഭരണസമിതിയുടെ 25.03.2025 തീയതിയിലെ (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകളും, പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 45,00,680/- | 60,65,709/- |
| വരവ് | 28,92,76,000/- | 22,60,58,940/- |
| ആകെ | 29,37,76,680/- | 23,21,24,649/- |
| ചെലവ് | 29,04,95,000/- | 22,85,65,413/- |
| നീക്കിയിരിപ്പ് | 32,81,680/- | 35,59,236/- |

ബജറ്റ്, റിവൈസ്ഡ് ബജറ്റ്, യഥാർത്ഥ വരവ് ചെലവ് കണക്കുകൾ എന്നിവ തമ്മിൽ ഗണ്യമായ അന്തരം നിലനിൽക്കുന്നു. 1994 ലെ പഞ്ചായത്ത് രാജ് ആക്ടിലെ 214 -(3)-ാം വകുപ്പ് പ്രകാരം

ബജറ്റിലെ വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മു വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റ് ഫയലിൽ ഇപ്രകാരമുള്ള വിശദമായ കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ബജറ്റിന് ആധാരമായ വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉൾപ്പെടുത്തേണ്ടതും, തുടർ വർഷങ്ങളിൽ സ്ഥാപനത്തിന്റെ ബജറ്റ് പ്രക്രിയയിൽ കൂടുതൽ ശ്രദ്ധയുണ്ടാകേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

### റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 10,366,553/- |
| ഓഡിറ്റ് വർഷത്തെ വരവ് | 41,487,194/- |
| ആകെ | 51,853,747/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 33,423,943/- |
| നീക്കിയിരിപ്പ് | 18,429,804/- |

### ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 137,496,931/- |
| ആകെ ചെലവ് | 122,525,488/- |
| പ്രവർത്തന മിച്ചം | 14,971,443/- |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | (-1,20,154) |

| | |
|---|---|
| അറ്റ പ്രവർത്തന മിച്ചം | 14,851,289/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | 14,119/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,06,005/- |

## 1-4 ഗ്രാന്റ് വിനിയോഗം

ഞീഴൂർ ഗ്രാമ പഞ്ചായത്തിന്റെ, 2024-2025 സാമ്പത്തിക വർഷത്തെ, വിവിധ ഗ്രന്റുകളുടെ അലോട്ട്മെന്റ്, വിനിയോഗം, നീക്കിയിരിപ്പ്/ലാപ്സായ തുക തുടങ്ങിയവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 1,30,29,000/- | 1,30,29,000/- | 1,30,29,000/- | 0 | 100 |
| വികസന ഫണ്ട് (SCP) | 0 | 25,46,000/- | 25,46,000/- | 25,46,000/- | 0 | 100 |
| വികസന ഫണ്ട് (TSP) | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 2,20,32,000/- | 2,20,32,000/- | 2,03,46,203/- | 16,85,797/- | 92.34 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 51,09,000/- | 51,09,000/- | 46,90,187/- | 4,18,813/- | 91.80 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 12,79,656/- | * 53,78,424/- | 66,58,080/- | 30,29,911/- | 36,28,169/- | 45.50 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 8,46,247/- | ** 23,51,389/- | 31,97,636/- | 22,04,772/- | 9,92,864/- | 68.95 |
| ഹെൽത്ത് ഗ്രാന്റ് (Scheme-I) - Buildingless Subcentres, PHC & CHC | 28,05,500/- | 94,843/- (Int.) | 29,00,343/- | 2,86,687/- | 26,13,656/- | 9.88 |
| ഹെൽത്ത് ഗ്രാന്റ് (Scheme-III) - Diagnostic Infrastructure To PHC | 8,06,088/- | 3,40,283/- (3,14,000 + Int. 26,283) | 11,46,371/- | 2,35,193/- | 9,11,178/- | 20.51 |
| ഹെൽത്ത് ഗ്രാന്റ് (Scheme-IV) - Conversion Into Health & Wellness Centres | 87,506/- | 5,20,992/- (5,18,000 + Int. 2,992) | 6,08,498/- | 78,978/- | 5,29,520/- | 12.97 |
| MGNREGS ഗ്രാന്റ് | 4,126/- | 12.63,230/- | 12,67,356/- | 12,54,404/- | 12,952/- | 98.97 |
| ICDS ഗ്രാന്റ് | 5,67,207/- | 14,32,323/- | 19,99,530/- | 9,33,539/- | 10,65,991/- | 46.68 |
| സമ്പൂർണ ശുചിത്വ ക്യാമ്പയിൻ ഗ്രാന്റ് (TSC) | 8,580/- | 0 | 8,580/- | 0 | 8,580/- | 0 |
| ലിറ്ററസി സ്കീം ഗ്രാന്റ് | 827/- | 52/- (Int) | 879/- | 0 | 879/- | 0 |
| നിർമ്മൽ പുരസ്കാർ | 275/- | 0 | 275/- | 0 | 275/- | 0 |
| Awards & Honors (Central Govt.) | 1,00,000/- | 0 | 1,00,000/- | 0 | 1,00,000/- | 0 |

* **32,93,000/-** (CFC ഗ്രാന്റ്) + **18,16,500/-** {(2024-2025 ബജറ്റ് പ്രൊവിഷനിൽ നിന്ന്, G.O. (Rt) നമ്പർ 3299/2024/Fin/ 09.04.2024 പ്രകാരം, 2023-2024 -ലെ 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് രണ്ടാം

ഗഡു)} + **2,68,924/-** {(2020-21 -ൽ അധികൃതപ്പെടുത്തിയതും, 2021-22 & 2022-23 -ൽ പുന:രധികൃതപ്പെടുത്തിയതുമായ, G.O. (Rt) നമ്പർ 4802/2024/Fin/ 18.06.2024 & G.O. (Rt) നമ്പർ 2075/2025/ഫിൻ/ 04.03.2025 പ്രകാരം 15-ാം ധനകാര്യ കമ്മീഷന്റെ ചെലവഴിക്കാത്ത ബാക്കി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ട്രഷറിയിൽ അനുവദിച്ചത്)} = **53,78,424/-**

** **21,95,255/-** (CFC ഗ്രാന്റ് + RLB അൺടൈഡ് ബേസിക് ഗ്രാന്റിന്റെ രണ്ടാം ഗഡു അംഗീകരിക്കുന്നതിലെ കാലതാമസ കാലയളവിനുള്ള പലിശ) + **1,56,134/-** (ബാങ്ക് പലിശ : കാനറ ബാങ്ക് അക്കൗണ്ട് നമ്പർ 6018101003757) = **23,51,389/-**

വികസന ഫണ്ട് അലോട്ട്മെന്റിൽ നിന്ന് KURDFC വായ്പ തിരിച്ചടവിനും, അങ്കണവാടി ഹോണറേറിയത്തിനും, സ്രോതസ്സിൽ കുറവ് ചെയ്യുതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് | അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്യ തുക (ജി.ഓ. പ്രോജക്റ്റ്) | അറ്റ അലോട്ട്മെന്റ് |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1,30,29,000/- | 372/25 : 8,32,200/-<br>373/25 : 5,68,694/-<br>375/25 : 5,66,125/-<br>ആകെ : 19,67,019/- | 1,10,61,981/- |
| വികസന ഫണ്ട് (SCP) | 25,46,000/- | 374/25 : 33,734/-<br>376/25 : 36,541/-<br>ആകെ : 70,275/- | 24,75,725/- |

1) ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്യ തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്റ്റായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

2) ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകകളുടെ വിനിമയം നടത്തുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ തുകയായ 1,56,134/- രൂപ, ACR, ഗ്രാന്റ് പത്രിക എന്നിവയിൽ വരവായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ, ACR, ഗ്രാന്റ് പത്രികയിലെ അലോട്ട്മെന്റിൽ, ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.

3) ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം നിലനിൽക്കുന്നതും, മുൻ വർഷങ്ങളിൽ ഉൾപ്പെടെ തുടരുകയും ചെയ്യുന്ന, സമ്പൂർണ ശുചിത്വ ക്യാമ്പയിൻ ഗ്രാന്റ് (TSC), ലിറ്ററസി സ്കീം ഗ്രാന്റ്, നിർമ്മൽ പുരസ്കാർ, Awards & Honors (Central Govt.), കുടുംബശ്രീ ബഡ്സ് സ്കൂൾ ഫണ്ട്, ആയുഷ് ഗ്രാന്റ് ഉൾപ്പെടെയുള്ള വിവിധ പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ യഥാവിധി ചെലവഴിക്കുന്നതിന്/ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർക്കാർ ഗ്രാന്റുകളുടെയും, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും, അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലുമുള്ള, പ്രസ്തുത അപാകതകൾ, ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ടുള്ള, വാർഷിക കണക്കുകളിലെ അപാകതകളായി പരാമർശിച്ചിട്ടുള്ള വിഷയങ്ങൾ എന്നിവയ്ക്ക് വിധേയമായിട്ടാണ്, ഓഡിറ്റ് റിപ്പോർട്ട് അനുബന്ധം-2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 വാർഷിക പദ്ധതി അവലോകനം

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 274 | 133524898 | 216 | 58151369 | 58 | 79 |

ഗ്രാമപഞ്ചായത്തിന്റെ 14-ാം പഞ്ചവത്സര പദ്ധതിയിലെ (2022-27) മൂന്നാം വാർഷിക പദ്ധതിയ്ക്ക് (2024-25) 21-03-2025 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(6)-ാം നമ്പർ

തീരുമാന പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതിയുടെ 24-03-2025 ലെ 84898/24/DPC/DPO/KTM നമ്പർ ഉത്തരവു പ്രകാരം ഭേദഗതി നിർദ്ദേശങ്ങളോടെ വാർഷികപദ്ധതിയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചു. വാർഷിക പദ്ധതിയിൽ 100 സ്പിൽഓവർ പ്രോജക്ടുകളും 174 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 274 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസന സെമിനാർ എന്നിവ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 18.12.2023 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 21/12/23 |
| ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഗ്രാമസഭ | 30.06.2024 മുതൽ 16-07-24വരെ |
| പദ്ധതി രൂപീകരണഗ്രാമസഭ | 30.12.23 മുതൽ 06.01.24വരെ |
| വയോജന ഗ്രാമസഭ യോഗം | 08.01.2024 |
| വികസനസെമിനാർ | 15.01.24 |

## നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

പദ്ധതിനിർവ്വഹണചുമതല 11 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചു നൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 13 | 2464590 | 1967540 |
| വെറ്ററിനറി സർജൻ | 8 | 8 | 1854066 | 1582108 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 19 | 16 | 5355872 | 3379728 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 1020000 | 1020000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 22 | 19 | 62483922 | 8273388 |
| ഐ.സി.ഡി.എസ്.സൂപ്പർവൈവസർ | 13 | 10 | 4478956 | 2409770 |
| സെക്രട്ടറി | 52 | 41 | 7597342 | 6716546 |
| ഹെഡ് മാസ്റ്റർ, ഗവ. യു.പി.സ്കൂൾ | 4 | 4 | 350000 | 346160 |

| | | | | |
|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 127 | 90 | 43728271 | 28853097 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 3291208 | 2730673 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 900671 | 872359 |
| | 274 | 216 | 133524898 | 58151369 |

<u>വാർഷികപദ്ധതി വിലയിരുത്തൽ</u>

വികസനഫണ്ട് (ജനറൽ), എസ് സി പി എന്നിവ 100% തുകയും ഗ്രാമപഞ്ചായത്തിന് ചെലവഴിയ്ക്കാൻ സാധിച്ചത് അഭിനന്ദനാർഹമാണ്. മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ എന്നിവയിൽ നിന്നും 90% തുകത്തിലധികം തുകയും ഗ്രാമപഞ്ചായത്ത് ചെലവഴിയ്ക്കാൻ സാധിച്ചു

<u>സഞ്ചിതനിധിയിലേയ്ക്ക് 21 ലക്ഷം രൂപ തിരികെ എടുക്കപ്പെട്ടു</u>

പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | തുക |
|---|---|
| മെയിന്റനൻസ് ഗ്രാന്റ്- (റോഡ്) | 1685797 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 5405 |
| മെയിന്റനൻസ്ഗ്രാന്റ്-(റോഡിതരം) | 418813 |
| ആകെ | 5732779 |

<u>നിക്ഷേപ പ്രവൃത്തികൾ- 3537765 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.</u>

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 3526822/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 3526822/- രൂപയുടെ വിനിയോഗ വിവരവും, കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 10943- രൂപയുടെ വിനിയോഗ വിവരവും ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. പൂർത്തീകരണശേഷവും നിർവ്വഹണ ഏജൻസികളിൽ തുക അവശേഷിക്കുന്ന പക്ഷം ആയത് തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാൻറിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS)

തൊഴിലുറപ്പ് പദ്ധതിയുടെ 2024-2025 വർഷത്തെ ലേബർ ഗ്രാമസഭയിൽ ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തുകയും, തൻവർഷം വർഷം സാങ്കേതിക അനുമതി ലഭിച്ച 146 പ്രോജക്ടുകളിൽ, 146 എണ്ണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 42577 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 597 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മണ്ണ്, ജല സംരക്ഷണം എന്നിവയാണ് ഏറ്റെടുത്ത പ്രധാന പ്രവൃത്തികൾ. തൻവർഷം ശരാശരി 72.95

തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2024-2025 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| **മുന്നിരിപ്പ് (01/04/2024)** | **4,125.75/-** | Skilled Labour(DBT) | 1,167,249/- |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 1,253,527/- | Unskilled Labour(DBT) | 14,559,736/- |
| പലിശ വരവ് | 9,703/- | Material(DBT) | 4,617,000/- |
| **ആകെ നേരിട്ടുള്ള വരവ്** | **12,63,230/-** | **ആകെ DBT ചെലവ്** | **20,343,985/-** |
| Skilled Labour | 1,167,249/- | ശമ്പളം, പ്രിന്റിങ്ങ് & സ്റ്റേഷനറി | 1,047,739/- |
| Unskilled Labour | 14,559,736/- | മറ്റുള്ളവ | 1,900/- |
| Material | 4,617,000/- | **ആകെ നേരിട്ടുള്ള ചെലവ്** | **1,049,639/-** |
| **ആകെ DBT വരവ്** | **20,343,985/-** | മറ്റ് ചെലവുകൾ (100 ദിന അലവൻസ്) | 329,000/- |
| പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നുമുള്ള മുൻകൂർ തുക | 1,049,639/- | തനത് ഫണ്ടിലേക്ക് മുൻകൂർ തിരിച്ചടവ് | 1,254,404/- |
| മറ്റ് വരവുകൾ (100 ദിന അലവൻസ്) | 329,000/- | **നീക്കിയിരിപ്പ്** | 12951.75 |
| **ആകെ** | **22,989,979.75/-** | **ആകെ** | **22,989,979.75/-** |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമപദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 30,806,200/- | 2161 |
| കർഷക തൊഴിലാളി പെൻഷൻ | 2,593,600/- | 154 |
| വിധവ പെൻഷൻ | 8,640,100/- | 578 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 797,800/- | 03 |
| ശരീര/ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 3,266,400/- | 213 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120,000/- | 04 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2024-25 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി ഞീഴൂർ ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റ്, ഫ്രണ്ട് ഓഫീസ് ക്യാഷ്യർ എന്നീ ജീവനക്കാരുടെ സാന്നിധ്യത്തിൽ 21/08/2025 തീയതിയിൽ 3.15 PM സമയത്ത് നടത്തുകയുണ്ടായി. ഭൗതിക പരിശോധനയിൽ 5,130/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്,